## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **4698** — **19.05.2017**-ന് മറുപടിയ്ക്ക്

### സ്കോളർഷിപ്പ് തുക യഥാസമയം വിതരണം ചെയ്യാൻ നടപടി

**ചോദ്യം**

**ശ്രീ. എം. രാജഗോപാലൻ :**

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെ പഠിക്കുന്ന പിന്നാക്ക പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പ് തുക അതാതു വർഷം തന്നെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇവ കിട്ടാത്ത കാര്യം വിദ്യാർത്ഥികൾ അധികൃതരെ അറിയിച്ചിട്ടും തുക യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതെന്തുകൊണ്ടാണന്നു വ്യക്തമാക്കാമോ ?

**മറുപടി**

**ശ്രീ. എ.കെ. ബാലൻ**
(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും: സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെ പോസ്റ്റ്മെട്രിക് തലത്തിൽ മെരിറ്റ്, റിസർവേഷൻ ക്വാട്ടയിലും സർക്കാർ നിയന്ത്രിത / അംഗീകൃത / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് /പ്രിവിലേജ്/ എൻ.ആർ.ഐ ക്വാട്ടയിലും പ്രവേശനം നേടുന്ന പട്ടിക വിഭാഗ / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് അതാതു വർഷങ്ങളിൽ അർഹമായിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 'ഇ-ഗ്രാന്റ്സ്' വെബ്സൈറ്റ് മുഖാന്തരം ഓൺലൈനായി സമയബന്ധിതമായി അനുവദിച്ചു നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒ.ഇ.സി. ആനുകൂല്യങ്ങൾ 189 കോടി രൂപയുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശികയായിരുന്നു. ഈ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി 2016-2017 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമെ 70 കോടി അധികസഹായം അനുവദിച്ച് നൽകി. ഈ കുടിശ്ശിക സമയബന്ധിതമായി തീർക്കാനാണ് ശ്രമിക്കുന്നത്.

വർഷാവർഷം സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ എണ്ണവും, പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള

(.....2)

വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹരായ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും മൂലം അനുവദിക്കുന്ന തുക അപര്യാപ്തമായതിനാലാണ് ആനുകൂല്യം യഥാസമയം മുഴുവൻ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യാൻ കഴിയാത്തത്. ഇക്കാര്യത്തിൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**